**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2069** **13/06/2019 ൽ മറുപടിയ്ക്ക്**

**കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം**

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി പ്രകാരം നിലവിൽ വന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അന്ധതക്ക് കാരണമായ തിമിരം, ഗ്ളോക്കോമ തുടങ്ങിയ രോഗങ്ങൾ പ്രാരംഭദശയിൽ കണ്ടെത്തുന്നതിനുവേണ്ടി ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണോ; | (എ) | മാസത്തിൽ ഒരു ദിവസം ബന്ധപ്പെട്ട സി.എച്ച്.സി.യിൽ നിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലുണ്ട്; എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രസ്തുത തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സ്റ്റാഫ് പാറ്റേണിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഉൾപ്പെടുന്നില്ല. എന്നാൽ 5 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നിലവിലുണ്ട്.<br>1. എഫ്.എച്ച്.സി. വാമനപുരം.<br>2. എഫ്.എച്ച്.സി. കാഞ്ചിയാർ.<br>3. എഫ്.എച്ച്.സി. മണലൂർ.<br>4. എഫ്.എച്ച്.സി. അപ്പപ്പാറ.<br>5. എഫ്.എച്ച്.സി. നൂൽപ്പുഴ.<br>പ്രാഥമിക നേത്രപരിചരണം, കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ വഴി നൽകാനും കൂടുതൽ സേവനം ആവശ്യമുള്ളവർക്ക് റഫറൽ സേവനങ്ങൾ നൽകാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ മാസത്തിൽ ഒരു ദിവസം ബന്ധപ്പെട്ട സി.എച്ച്.സി.യിൽ നിന്ന് ഒപ്റ്റോമെട്രിസ്റ്റിന്റെ സേവനം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നുണ്ട്. വിഷൻ സെന്റർ പ്രവർത്തനത്തിന്റെ ഭാഗമായി തിമിരം, കാഴ്ച പരിശോധന തുടങ്ങിയവ നടത്തി തുടർ പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എത്ര ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ 20 വർഷത്തിനുള്ളിൽ ആരോഗ്യവകുപ്പിന് കീഴിൽ 13 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 7 എണ്ണം ജി.ഒ.(എം.എസ്.) നം.136/2017/ആ.കു.വ. പ്രകാരം ഈ സർക്കാരിന്റെ കാലത്ത് സൃഷ്ടിച്ചതാണ്. |

സെക്ഷൻ ഓഫീസർ